**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4119** **09-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരദേശ ഹൈവേ നിർമ്മാണം നിലവിൽ എത്ര റീച്ചുകളിലാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ 2 റീച്ചുകളിലാണ് നടക്കുന്നത്. |
| (ബി) | ഏതൊക്കെ റീച്ചുകളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നതേയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ഏതൊക്കെ റീച്ചുകളിൽ സ്ഥലമേറ്റെടുപ്പ് ആവശ്യമുണ്ടെന്ന് അറിയുവാൻ സാധിക്കൂ. |
| (സി) | കിഫ്ബി അംഗീകരിച്ച പദ്ധതിയിൽ സ്ഥലമെടുപ്പിനുള്ള തുക ഉൾപ്പെടുത്തിയിരുന്നോ; വ്യക്തമാക്കുമോ; | (സി) | കിഫ്ബി സാമ്പത്തികാനുമതി നൽകിയ 6 റീച്ചുകളിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | നിലവിൽ ഏതൊക്കെ റീച്ചുകൾക്ക് സ്ഥലം എടുക്കാൻ തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | നിലവിൽ കിഫ്ബി സ്ഥലം ഏറ്റെടുക്കാൻ തുക അനുവദിച്ചിട്ടുള്ള റീച്ചുകൾ ചുവടെ ചേർക്കുന്നു. 1. തിരുവനന്തപുരം ജില്ലയിലെ പള്ളിത്തുറ മുതൽ ഒന്നാം പാലം, വർക്കല വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം. 2..മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ ജംഗ്ഷൻ വരെയുള്ള (റീച്ച് - 1 - 0/000 മുതൽ 15/000 വരെ) തീരദേശ ഹൈവേയുടെ നിർമ്മാണം. 3. മലപ്പുറം ജില്ലയിലെ താനൂർ മൊഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള (റീച്ച് - 3- 23/190 മുതൽ 27/040 വരെ) തീരദേശ ഹൈവേയുടെ നിർമ്മാണം 4. കോഴിക്കോട് ജില്ലയിലെ കൊടിക്കൽ മുതൽ കോളാവിപാലം വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം. 5..കോഴിക്കോട് ജില്ലയിലെ കുഞ്ഞാലിമരക്കാർ പാലം മുതൽ കോട്ടക്കൽക്കടവ് വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം. 6. കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരു സിറ്റി, രണ്ടുതെങ്ങു വരെയുള്ള തീരദേശഹൈവേയുടെ നിർമ്മാണം |

| | | | |
|---|---|---|---|
| (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിന് തുക ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കിഫ്ബിക്ക് നൽകിയ റിപ്പോർട്ടിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കിഫ്ബിയിൽ നിന്നും അനുവദിക്കുന്നത്, കിഫ്ബിയ്ക്ക് സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ